ഇൻപേഷ്യന്റ് വിഭാഗത്തിലും രോഗികൾ ഉണ്ട്. അത്യാവശ്യ മരുന്നുകളെല്ലാം തന്നെ ലഭ്യമാണ്. ഒരു ലാബ് ടെക്നീഷ്യന്റെ ഒഴിവുള്ളതു നികത്താൻ നടപടികൾ സ്വീകരിക്കാൻ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എം. വി. ജയരാജൻ : സർ, മുപ്പത് ലക്ഷത്തിലേറെ മലയാളികൾ ഗൾഫ് രാജ്യങ്ങളിലുണ്ട്. അവരിൽ ഭൂരിപക്ഷവും ചെറിയ വരുമാനക്കാരാണ്. 36,000 കോടി രൂപ എൻ.ആർ.ഐ. നിക്ഷേപം ബാങ്കിലുള്ളതാണ്. പ്രതിവർഷം 28,000 കോടി രൂപ പ്രവാസികൾ നമ്മുടെ നാട്ടിലേക്ക് അയയ്ക്കുകയാണ്. നമ്മുടെ രാജ്യത്തെ സമ്പദ്ഘടനയെ സംരക്ഷിക്കുന്നത് ഈ പണമാണെന്ന് പറയാം. എന്നാൽ പ്രവാസികൾക്ക് ഗൾഫ് രാജ്യങ്ങളിൽ നരകതുല്യമായ ജീവിതമാണുള്ളത്. അവർക്ക് അവിടെവച്ച് മരണം സംഭവിച്ചാൽ മൃതദേഹം നാട്ടിലെത്തിക്കാൻ മാസങ്ങളോളം സമയമെടുക്കുകയാണ്. ഈയിടെ എന്റെ നിയോജകമണ്ഡലത്തിൽ പെരളശ്ശേരി കൃഷ്ണാലയത്തിൽ പി. എം. പ്രകാശൻ സൗദി അറേബ്യയിൽ വച്ച് മരണപ്പെട്ടു. അത് കൊലപാതകമായിരുന്നു. ആറ് മാസമായിട്ടും മൃതദേഹം നാട്ടിലെത്തിച്ചില്ല. വിദേശകാര്യ വകുപ്പുമന്ത്രിയാകട്ടെ കഴിഞ്ഞ മാസം ജനുവരിയിൽ 30 മൃതദേഹങ്ങൾ നാട്ടിലേക്കെത്തിക്കുമെന്ന് പത്രക്കാരോട് പറഞ്ഞു. ആ വിവരം മാധ്യമങ്ങളിൽ വന്നതിനെത്തുടർന്ന് ബന്ധുക്കൾ ഡൽഹിയിൽ നിന്നും ഗുജറാത്തിൽ നിന്നുമൊക്കെ വീട്ടിലേക്ക് പ്രവഹിച്ചു. യഥാർത്ഥത്തിൽ മൃതദേഹം അന്ന് വന്നില്ല. നാട്ടുകാരും ബന്ധുക്കളുമെല്ലാം ചേർന്ന് കളക്ടറേറ്റിനു മുന്നിൽ ഉപവാസം അനുഷ്ടിക്കേണ്ടി വന്നു. എനിക്കും ആ സമരത്തിൽ ആ ദിവസം പങ്കാളിയാകേണ്ടിവന്നു. ഇത്തരത്തിൽ അധികൃതരുടെ കുറ്റകരമായ അനാസ്ഥയുണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ സമരം നടന്നതിനുശേഷമാണ് മൃതദേഹം നാട്ടിലേക്ക് എത്തിയത്. സൗദി അറേബ്യയിൽ മാത്രം ഇപ്പോൾ 102 മൃതദേഹങ്ങൾ മോർച്ചറിയിൽ കിടക്കുകയാണ്. സ്പോൺസർമാർ മുങ്ങിക്കഴിഞ്ഞാൽ മൃതദേഹം കൊണ്ടുവരാൻ കഴിയില്ലെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. 2447 പേർ ഇപ്പോൾ ജയിലുകളിൽ കഴിയുകയാണ്. ചില കമ്പനികളാകട്ടെ ശമ്പളം പോലും കൊടുക്കുന്നില്ല. ആയിരക്കണക്കിനാളുകൾ ഇപ്പോൾ ശമ്പളം ലഭിക്കാതെ ദുരിതത്തിലാണ്. നിസ്സാര കാരണങ്ങൾ കൊണ്ടാണ് ചിലർ ജയിലിൽ അകപ്പെട്ടത്. തദ്ദേശവാസികൾക്ക് ഗൾഫിൽ എന്തെങ്കിലും സംഭവിച്ചാൽ അതിന് പ്രാകൃത ശിക്ഷ ഉറപ്പാണ്. കഴിഞ്ഞ ഒരു മാസം മുൻപാണ് നൗഷാദിന്റെ കണ്ണ് ചൂഴ്ന്നെടുക്കാനുള്ള ശിക്ഷ വിധിച്ചത്. അതിൽ ഗവൺമെന്റ് ഇടപെട്ടു. ഗവൺമെന്റ് തലത്തിൽ ചർച്ചകൾ നടന്നപ്പോൾ ശിക്ഷയിൽ മാറ്റം വരുത്താൻ അവർ തയ്യാറായി. എന്തെങ്കിലും സഹായം മലയാളികൾക്ക് ചെയ്തുകൊടുക്കാൻ യഥാർത്ഥത്തിൽ നാഥനില്ല. വിദേശകാര്യ വകുപ്പുമന്ത്രിയും പ്രവാസികാര്യക്ഷേമ വകുപ്പും എംബസ്സിയും ഫലപ്രദമായി പ്രവർത്തിച്ചാൽ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയുന്നതാണ്. ഗൾഫിൽ നിന്നും ഇവർ തിരിച്ചെത്തിക്കഴിഞ്ഞാൽ പലരും

LIBRARY ARCHIVES Kerala Legislative Assembly

ദുരിതത്തിലാണ്. ചിലർക്ക് കുടുംബം പോറ്റാൻ പോലും കഴിയാത്ത അവസ്ഥയാണ് ഉള്ളത്. അവർക്ക് ക്ഷേമനിധിയില്ല, പെൻഷൻ ഇല്ല, യാതൊരു ആനുകൂല്യങ്ങളുമില്ല. അവർ നൽകുന്ന ഒരു തുകയുണ്ട്. അത് എമിഗ്രേഷൻ സെക്യൂരിറ്റി ഇനത്തിലാണ്. ആ ഇനത്തിൽ 5500 കോടി രൂപ ഇപ്പോൾ സർക്കാരിന്റെ കൈയിലുണ്ട്. എൻ.ആർ.ഐ. പണവും വരുന്നുണ്ട്. ഇതിൽ ഒരു ചെറിയ തുക മാറ്റിവെച്ചാൽ അവർക്കുവേണ്ടി ഒരു ക്ഷേമപദ്ധതി ആസൂത്രണം ചെയ്യാൻ കഴിയുന്നതാണ്. അതിലൂടെതന്നെ മൃതദേഹങ്ങൾ നാട്ടിലേക്ക് എത്തിക്കാനുള്ള സംവിധാനവും കണ്ടെത്താവുന്നതാണ്. അത്തരത്തിൽ ഇവരുടെ ക്ഷേമത്തിനുവേണ്ടി എന്തെങ്കിലും ഫലപ്രദമായ നടപടി നോർക്ക വഴി സ്വീകരിക്കണം. വിദേശകാര്യ വകുപ്പുമന്ത്രിയും പ്രവാസികാര്യ വകുപ്പും എംബസ്സിയും ചേർന്ന് നോർക്ക വഴി തീരുമാനമെടുക്കേണ്ടതുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. വി. കെ. ചന്ദ്രൻ]

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, പ്രവാസി മലയാളികളുടെ ക്ഷേമത്തിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കേരള സർക്കാർ 1996-ൽ രൂപീകരിച്ച വകുപ്പാണ് പ്രവാസി കേരളീയകാര്യ വകുപ്പ്. ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ വിവരങ്ങൾ ശേഖരിച്ച് ഇൻഡ്യൻ എംബസ്സിയും വിദേശകാര്യ വകുപ്പും ചേർന്ന് ജയിലിൽ കിടക്കുന്നവരെ ജയിൽമോചിതരാക്കുന്നതിനുള്ള നടപടികൾ ചെയ്യുന്നുണ്ട്. ദയാഹർജികൾ അതാത് രാജ്യങ്ങളിലെ അധികാരികൾക്ക് നൽകുന്നതിനും കൂടുതൽ പണം ആവശ്യമായ സന്ദർഭങ്ങളിൽ പണം സ്വരൂപിക്കുന്നതിനും നോർക്ക മുൻകൈ എടുക്കുന്നുണ്ട്. വിദേശത്ത് മരണമടയുന്ന മലയാളികളുടെ മൃതശരീരം താമസംകൂടാതെ നാട്ടിലെത്തിക്കുന്നതിനും കാലതാമസം വന്നിട്ടുള്ള അപൂർവ്വം കേസുകളിലെ അനുഭവം ഉൾക്കൊണ്ടുകൊണ്ട് അത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ഫലപ്രദമായ നടപടികൾ വിദേശകാര്യ വകുപ്പു മുഖേന സ്വീകരിച്ചുവരുന്നു. മൃതശരീരം സൗജന്യമായി നാട്ടിലെത്തിക്കാനായി Emergency Repatriation Fund ഉപയോഗിക്കുന്നു. വിദേശത്തുനിന്നും തിരിച്ചെത്തുന്നവർക്കായി സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ വിഭാഗം നിക്ഷേപകർക്ക് വിദഗ്ദ്ധമായ സേവനം ലഭ്യമാക്കുക, വിവിധ വകുപ്പുകളുമായി സഹകരിച്ച് പദ്ധതി നിർവ്വഹണം സുഗമമാക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നു. എമിഗ്രേഷൻ നിയമത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും വ്യാജ റിക്രൂട്ടുമെന്റ് തടയുന്നതിനും സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്ന് കേന്ദ്ര പ്രവാസികാര്യ വകുപ്പ് ഉറപ്പ് നൽകിയിട്ടുണ്ട്. അതിൽ രണ്ട് കാര്യങ്ങളുണ്ട്. ഒന്ന് വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കിടക്കുന്നവരുടെ കാര്യം. അവിടെ കുറ്റംചെയ്തവരെ ശിക്ഷിച്ച് ജയിലിൽ ഇട്ടാൽ അതിൽ നമുക്ക് ഇടപെടാൻ ഒക്കുകയില്ല. ഇപ്പോൾ ഒരു വിദേശി ഇവിടെവന്ന് ഒരു കൊലക്കുറ്റത്തിനോ അതുപോലുള്ള കേസിനോ ശിക്ഷിക്കപ്പെട്ടാൽ ആ രാജ്യത്തെ ഗവൺമെന്റ് ആവശ്യപ്പെട്ടാൽപോലും നമ്മൾ അയാളെ വിട്ടുകൊടുക്കില്ല. അതുപോലെ നമ്മൾ ഇപ്പോൾ ഇടപെടുന്നത് ചില കാര്യങ്ങളിലാണ്. ഇപ്പോൾ വളരെ ക്രൂരമായ ചില ശിക്ഷാ നടപടികളെടുക്കുന്നുണ്ട്. അതിലൊന്നാണ് കണ്ണ് ചൂഴ്ന്നെടുക്കുന്ന രീതി. അതിനെതിരായിട്ടാണ് നമ്മൾ ഇടപെട്ടത്. അതിൽ ജയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

എങ്കിൽതന്നെയും ഇപ്പോൾ എംബസ്സിയിൽ നിന്നും കിട്ടുന്ന വിവരം, അവരുടെ നിയമമനുസരിച്ചുള്ള ശിക്ഷയിൽ നമ്മൾ ഇടപെടാൻ പാടില്ലെന്നുള്ളതാണ്. അതാണ് അവരുടെ ആറ്റിറ്റ്യൂഡ്; വിശേഷിച്ചും സൗദി അറേബ്യയിൽ. അത് അവരുടെ നിയമമാണ്. അതിൽ നമുക്ക് ഇടപെടാൻ പറ്റില്ലെന്നാണ് പറയുന്നത്. ഡെഡ് ബോഡി കൊണ്ടുവരുന്നത് സംബന്ധിച്ച് വളരെ കാര്യമായി വേണ്ടത് ചെയ്യുന്നുണ്ട്. അവർക്ക് സ്വയം കഴിയാത്ത കേസുകളിൽ പണം മുഴുവൻ ചെലവാക്കി നമ്മൾ കൊണ്ടുവരുന്നുണ്ട്. ഇതൊരു തുടക്കമല്ലേ? പണ്ട് ഇല്ലാതിരുന്ന ഒരു സിസ്റ്റമാണ്. ഇപ്പോൾ അതിന് ഒരു വകുപ്പ് വന്നു. ആ വകുപ്പുമൂലം കുറെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എല്ലാം പൂർണ്ണമാണെന്ന് ഗവൺമെന്റ് പറയുന്നില്ല. പക്ഷെ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നുതന്നെയാണ് ഗവൺമെന്റിന്റെ വിശ്വാസം.

(7) പിൽഗ്രിം ടൂറിസം പദ്ധതിയിൽ മാവേലിക്കര ചെട്ടിക്കുളങ്ങരയിലെ പുരാതന ക്ഷേത്രംകൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. എം. മുരളി: സർ, പിൽഗ്രിം ടൂറിസം ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത്, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആവിഷ്ക്കരിച്ചിരിക്കുന്ന ഒരു പ്രോജക്ടാണ്. തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി എന്റെ നിയോജക മണ്ഡലത്തിലെ മാവേലിക്കര ചെട്ടിക്കുളങ്ങര ദേവീക്ഷേത്രമുൾപ്പെടെ, വളരെയേറെ ഭക്തജനങ്ങൾ പ്രവഹിച്ചുകൊണ്ടിരിക്കുന്ന പരുമല ദേവാലയമുൾപ്പെടെയുള്ള ക്ഷേത്രങ്ങളും ദേവാലയങ്ങളും ഉൾക്കൊണ്ടുകൊണ്ട് ബൃഹത്തായ ഒരു പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും രൂപം നൽകിയതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ സ്കീം അടിയന്തിരമായി ആരംഭിക്കണം. കുംഭഭരണി മഹോത്സവവും കെട്ടുകാഴ്ച ഉത്സവവും വരാൻ പോകുകയാണ്. ലക്ഷക്കണക്കിന് ഭക്തജനങ്ങളെ ആകർഷിക്കുന്ന ചെട്ടിക്കുളങ്ങര ദേവീക്ഷേത്രം, ശബരിമല കഴിഞ്ഞാൽ വരുമാനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഏറ്റവും വലിയ ക്ഷേത്രമാണ്. ആ ക്ഷേത്രവുമായിക്കൂടി ബന്ധപ്പെട്ടു കൊണ്ട് ആവിഷ്ക്കരിച്ചിരിക്കുന്ന നിർദ്ദിഷ്ട പിൽഗ്രിം ടൂറിസം പ്രോഗ്രാം അടിയന്തിരമായി തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനു മുൻപുതന്നെ നടപ്പിലാക്കാൻ അങ്ങ് മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ദേശീയവും അന്തർദ്ദേശീയവുമായി പ്രശസ്തി നേടിയിട്ടുള്ള സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങളിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി പിൽഗ്രിം ടൂറിസം എന്ന പേരിൽ ഒരു പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിപ്രകാരം സംസ്ഥാനത്ത് നിരവധി ആരാധനാലയങ്ങളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് തന്നെ സഹായം അനുവദിച്ചിട്ടുണ്ട്. ഏഴ് കോടിയോളം രൂപ ധനസഹായമായി ഈ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളായ ബീമാപള്ളി, വെട്ടുകാട് ചർച്ച്, വർക്കല ശിവഗിരി, ആറ്റുകാൽ ടെമ്പിൾ തുടങ്ങിയ വളരെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly